**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6703 9-11-2016 -ൽ മറുപടിക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

| | ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ: | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആലത്തൂർ നിയോജക മണ്ഡലമുൾപ്പെടുന്ന പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണമേഖലയാക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) & (ബി) & (സി) | ആലത്തൂർ നിയോജക മണ്ഡലത്തിന്റെ അധീനതയിലുള്ള എല്ലാ പ്രദേശങ്ങളിലും പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുകയും ടി ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ നിയോജക മണ്ഡലത്തിൽ 1256 ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്നത്. ഒരു നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിന് ആവശ്യമായ തുകയുടെ 50% (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി ചെലവാക്കാനും, ബാക്കി 50% LSGD,SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ ( MLA SDF, MLA ADF,MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും 2017 മാർച്ചോടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പ്രദേശത്തെ എത്ര അപേക്ഷകർക്കാണ് ഇനി വൈദ്യുത കണക്ഷൻ നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ആലത്തൂർ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമെന്ന് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**